# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1306 — 13.07.2016-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ലൈറ്റ് മെട്രോ റെയിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ബി.സത്യൻ** | **ശ്രീ.പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം ലൈറ്റ് മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) തിരുവനന്തപുരം നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് സ.ഉ.(എം.എസ്)നം.74/2015/പൊ.മ.വ., തീയതി 11.09.2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.യും കെ.ആർ.റ്റി.എൽ.ഉം തമ്മിൽ 20.01.2016-ന് കരാർ ഒപ്പുവെയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/ യാർഡ് നിർമ്മിക്കാൻ ആവശ്യമായ 7.91 ഹെക്ടർ സർക്കാർ ഭൂമി കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന മേഖല ഏതെന്ന് വ്യക്തമാക്കാമോ ; | (ബി) ഡി.പി.ആർ. പ്രകാരം തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി, പള്ളിപ്പുറം, കണിയാപുരം, കഴക്കൂട്ടം, കഴക്കൂട്ടം ജംഗ്ഷൻ, കാര്യവട്ടം, ഗുരുമന്ദിരം, പാങ്ങപ്പാറ, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പട്ടം, പ്ലാമൂട്, പാളയം, സെക്രട്ടേറിയറ്റ്, തമ്പാനൂർ, കിള്ളിപ്പാലം, കരമന എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 21.821 കി.മീ. 19 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ |

പദ്ധതിയുടെ ആദ്യഘട്ടം രൂപകൽപന ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി ആറ്റിങ്ങൽ വരെ നീട്ടണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഒന്നാം ഘട്ടം ടെക്നോസിറ്റി മുതൽ കരമന വരെയാണ്. ഭാവിയിൽ ടെക്നോസിറ്റിയിൽ നിന്ന് ആറ്റിങ്ങൽ ഭാഗത്തേയ്ക്ക് വികസനം സാധ്യമാകും വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**